# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5747 18.11.2019-ൽ മറുപടിക്ക്

## മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളി ഏറ്റെടുക്കൽ നടപടി

**ചോദ്യം** **ഉത്തരം**

ശ്രീ.ജോൺ ഫെർണാണ്ടസ്

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
ബഹു.തുറമുഖവും മ്യൂസിയവും
പുരാവസ്തു സംരക്ഷണവും, പുരാരേഖയും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | സാംസ്കാരിക വകുപ്പിന്റെ 20.06.2018 സ.ഉ.(സാധാ) നം 401/2018 നമ്പർ ഉത്തരവ് പ്രകാരം ചരിത്ര സ്മാരകമായ മട്ടാഞ്ചേരിയിലെ കറുത്ത ജൂതപ്പള്ളിയും അനുബന്ധ സ്ഥലവും ഏറ്റെടുക്കുന്നതിനായി അനുവദിച്ച 91.45 ലക്ഷം രൂപ വിനിയോഗിക്കുന്നതിന് പുരാവസ്തു ഡയറക്ടർക്ക് അനുമതി നൽകിയിട്ടും ആയതിന്റെ അടിസ്ഥാനത്തിൽ ടി സ്മാരകത്തിന്റെ ബാധ്യതകൾ തീർത്ത് ഈ സ്ഥലം കൈമാറുന്നതിന് തുക എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ ക്രഡിറ്റ് ചെയ്തിട്ടും പ്രസ്തുത ചരിത്ര സ്മാരകം ഏറ്റെടുക്കുന്നതിന് നേരിടുന്ന കാലതാമസത്തിന്റെ കാരണം വിശദമാക്കാമോ; | (എ), (ബി) & (സി) | കറുത്ത ജൂതപ്പള്ളി സ്ഥിതി ചെയ്യുന്ന സ്ഥലവുമായി ബന്ധപ്പെട്ട് ബാദ്ധ്യതകൾ നിലനിൽക്കുന്നതിനാൽ പുരാവസ്തുവകുപ്പ് ഡയറക്ടർ 91.45 ലക്ഷം രൂപ എറണാകുളം ജില്ലാ കളക്ടർക്ക് കൈമാറേണ്ടതും ജില്ലാ കളക്ടർ പ്രസ്തുത സ്ഥലവുമായി ബന്ധപ്പെട്ട സാമ്പത്തിക ബാദ്ധ്യതകൾ തീർത്ത് പുരാവസ്തു വകുപ്പ് ഡയറക്ടറുടെ പേരിൽ സ്ഥലം കൈമാറു ന്നതിനുമുള്ള തുടർ നടപടി സ്വീകരിക്കുവാനും 20/06/2018-ലെ സ.ഉ.(സാധാ) നം.401/2018/ സാം.കാ.വ നമ്പരായി സർക്കാർ ഉത്തരവായിരുന്നു. തുടർന്ന് 91.45 ലക്ഷം രൂപ എറണാകുളം ജില്ലാ കളക്ടറുടെ അക്കൗണ്ടിലേക്ക് ക്രഡിറ്റ് ചെയ്ത് നൽകിയിട്ടുണ്ട്. പൊന്നും വില നടപടികൾക്കുള്ള ലാന്റ് അക്വിസിഷൻ ഓഫീസറായി സ്പെഷ്യൽ തഹസീൽദാർ (L.A)-യെ എറണാകുളം ജില്ലാ കളക്ടർ നിയമിച്ചിട്ടുണ്ട്. വകുപ്പിൽ നിന്നും നൽകിയിട്ടുള്ള 91.45 ലക്ഷം രൂപയ്ക്ക് പുറമെ ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിന് എറണാകുളം ജില്ലാ കളക്ടർ അറിയിച്ചിട്ടുള്ള 75,77,956/- രൂപ കൂടി സ്പെഷ്യൽ തഹസിൽദാർ (LA)യുടെ പേരിൽ അനുവദിക്കേണ്ടതാണെന്ന് അറിയിച്ചിട്ടുണ്ട്. എന്നാൽ 10/9/2019 ലെ മഴയിൽ പ്രസ്തുത നിർമ്മിതി ഭാഗികമായി തകർന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ സാഹചര്യത്തിൽ പ്രസ്തുത നിർമ്മിതിയെ തകർന്ന അവസ്ഥയിലും സംരക്ഷിക്കാൻ കഴിയുന്നതാണോ എന്ന് വകുപ്പ് പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത ജൂതപ്പള്ളി ഏറ്റെടുക്കുന്നതിന് നേരിടുന്ന തടസം എന്തെന്ന് വ്യക്തമാക്കാമോ; | | |
| (സി) | ഇതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ? | | |

സെക്ഷൻ ഓഫീസർ